പതിന്നാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം 5101 — 22/05/2017 ൽ മറുപടിയ്ക്ക്

# ഡിജിറ്റൽ ഇൻഡ്യ ലാൻഡ് റെക്കോർഡ് മോഡേണൈസേഷൻ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ. കൃഷ്ണൻകുട്ടി | ശ്രീ. ഇ. ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ ഡിജിറ്റൽ ഇൻഡ്യ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പദ്ധതി പ്രകാരം സംസ്ഥാനത്ത് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ, ലഭിച്ച തുക, വിനിയോഗിച്ച തുക എന്നിവ ജില്ലാടിസ്ഥാനത്തിൽ വിശദീകരിക്കാമോ ; | (എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പദ്ധതി (NLRMP) പ്രകാരം (ഇപ്പോൾ ഡിജിറ്റൽ ഇൻഡ്യ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പദ്ധതിക്ക് (DILRMP)) അനുവദിച്ച തുകയും ആയത് വിനിയോഗിച്ച് ഡിജിറ്റൈസേഷൻ ജോലികൾക്കുള്ള ഉപകരണങ്ങൾ വാങ്ങിയതും, ജി.പി.എസ്. നെറ്റ് വർക്കുകൾ സ്ഥാപിക്കൽ, ഇ-രേഖ പ്രോജക്റ്റ്, 14 ജില്ലകളിലെ ഡിജിറ്റൈസേഷൻ സെന്ററുകൾ, റെക്കോർഡ് റൂം സ്ഥാപിക്കുക തുടങ്ങിയ ചെലവുകൾ സംബന്ധിച്ച വർഷം തിരിച്ചുള്ള വരവ് ചെലവ് കണക്ക് വിവരം അനുബന്ധം I ആയി ചേർത്തിരിക്കുന്നു. 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ ടി പദ്ധതിക്ക് കേന്ദ്ര വിഹിതം ലഭിച്ചില്ല.<br>പ്രസ്തുത പദ്ധതി ഡിജിറ്റൽ ഇൻഡ്യ ലാന്റ് റെക്കോർഡ്സ് മോഡേണൈസേഷൻ പദ്ധതി (DILRMP) ആയി പ്രഖ്യാപിച്ചതിനു ശേഷം പദ്ധതിയുമായി ബന്ധപ്പെട്ട് 2016-17 സാമ്പത്തിക വർഷം 12.49 കോടി രൂപ ലഭിച്ചിട്ടുണ്ട്. ആയതിൽ ഡാറ്റാ എൻട്രി/റീഎൻട്രി/മൈഗ്രേഷൻ/ വെരിഫിക്കേഷൻ/ ഇന്റർനെറ്റ് കണക്റ്റിവിറ്റി/ ലാപ്ടോപ്പ് / പി.സി.വാടക/ മറ്റിനം എന്നിയവയ്ക്കായി 13 ജില്ലകളിലേയ്ക്ക് 7,80,20,396/- രൂപ കൈമാറിയിട്ടുണ്ട്. ആയതിന്റെ വിവരം അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (ബി) ഈ വർഷം സംസ്ഥാനത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്; ഈ വർഷത്തെ കേന്ദ്ര-സംസ്ഥാന വിഹിതം എത്രവീതമാണ് എന്ന് വെളിപ്പെടുത്താമോ? | (ബി) 2017-18 സാമ്പത്തിക വർഷം പ്രസ്തുത പദ്ധതിയുടെ (100% CSS) ഭാഗമായി റവന്യൂ, രജിസ്ട്രേഷൻ, സർവ്വേ എന്നീ മൂന്നു വകുപ്പുകളേയും ഏകോപിപ്പിച്ചു കൊണ്ടുള്ള സമഗ്രമായ ഒരു കമ്പ്യൂട്ടർവത്കരണത്തിനാണ് സംസ്ഥാനം ലക്ഷ്യമിട്ടിട്ടുള്ളത്. ആയതിനു വേണ്ടി 142.05 കോടി രൂപയുടെ പദ്ധതി രേഖ തയ്യാറാക്കി കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം I**

| നം | പദ്ധതി | അനുവദിച്ച വർഷം | അനുവദിച്ച തുക | നാളിതുവരെ ചെലവ് |
|---|---|---|---|---|
| 1 | NLRMP 50% CSS | 2009-10 | 6,36,00,000 | 4,73,50,407 |
| 2 | NLRMP 100% CSS | 2010-11 | 23,87,000 | 17,25,800 |
| 3 | NLRMP 50% CSS | 2012-13 | 2,28,10,000 | 1,41,01,910 |
| 4 | NLRMP 100% CSS | 2012-13 | 40,10,000 | 39,81,046 |
| 5 | NLRMP 100% CSS | 2013-14 | 3,90,96,000 | 1,43,16,180 |
| 6 | NLRMP 50% CSS | 2013-14 | 20,46,88,243 | 17,03,15,880 |

സെക്ഷൻ ഓഫീസർ

## അനുബന്ധം II

| ക്രമ നം. | ജില്ല | അനുവദിച്ച തുക |
|---|---|---|
| 1 | തിരുവനന്തപുരം | 89,15,275 |
| 2 | കൊല്ലം | 76,43,256 |
| 3 | പത്തനംതിട്ട | 42,92,217 |
| 4 | ആലപ്പുഴ | 60,50,185 |
| 5 | ഇടുക്കി | 25,43,690 |
| 6 | എറണാകുളം | 1,11,00,000 |
| 7 | തൃശ്ശൂർ | 82,31,018 |
| 8 | പാലക്കാട് | 54,54,651 |
| 9 | മലപ്പുറം | 92,80,683 |
| 10 | കോഴിക്കോട് | 61,29,842 |
| 11 | വയനാട് | 6,15,000 |
| 12 | കണ്ണൂർ | 58,89,579 |
| 13 | കാസർഗോഡ് | 19,75,000 |
| | **ആകെ** | **7,80,20,396** |

സൈമൺ തോമസ്